# സി. എസ്. ഐ. മദ്ധ്യകേരള മഹായിടവക
# ക്രിസ്തീയ വിദ്യാഭ്യാസ വകുപ്പ്
## 2018–2019

## സൺഡേസ്കൂൾ അറിയിപ്പുകൾ

പ്രിയസ്നേഹിതരേ,

ക്രിസ്തുയേശുവിൽ സ്നേഹവന്ദനം!

പുതിയ അദ്ധ്യയന വർഷത്തിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു. 2018 ഏവർക്കും അനുഗ്രഹകരമാകട്ടെ എന്ന് ആശംസിക്കുന്നു. കുഞ്ഞുങ്ങളെ ദൈവീക ബോധത്തിൽ വളർത്തുവാനുള്ള നിയോഗം സഭയുടെ നാഥനായ കർത്താവ് മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും നൽകിയിരിക്കുന്നു. കുട്ടികൾ മിടുക്കരായിത്തീരണം എന്നല്ലാതെ ദൈവഭയമുള്ളവരായി വളരണമെന്ന് ഗൗരവമായി ചിന്തിക്കാത്ത ഒരു സ്ഥിതിവിശേഷം ഇന്ന് വർദ്ധിച്ചുവരുന്നു. അതിനാൽ വളരെ പ്രാർത്ഥനയോടും ഒരുക്കത്തോടും ഉത്തരവാദിത്വത്തോടും നിർവ്വഹിക്കേണ്ടതാണ് സൺഡേസ്കൂൾ പ്രവർത്തനം. ഈ മാർഗരേഖയുടെ സാരാംശം എല്ലാ കുട്ടികളിലും എത്തിച്ച് ക്രിസ്തുവിന്റെ പത്രങ്ങളായി വളരുന്ന ഒരു സമൂഹത്തിന്റെ നിർമ്മിതിക്കായി നമുക്ക് ഒന്നിച്ചു പ്രവർത്തിക്കാം.

**ചിന്താവിഷയം:**

"നിങ്ങൾ ക്രിസ്തുവിൻ പത്രം" "You are a letter of Christ" (2കൊരി. 3:3a) എന്ന ചിന്താവിഷയമാണ് 2018-ലേക്കു തെരഞ്ഞെടുത്തിരിക്കുന്നത്. മഹായിടവക തെരഞ്ഞെടുത്തിരിക്കുന്ന 'ശിഷ്യത്വം' എന്ന വിഷയത്തോടു ചുവടുപിടിച്ചാണ് നാം ഈ ചിന്താവിഷയം പഠിക്കുന്നത്.

ഇടവകതലത്തിലും ജില്ലാതലത്തിലുമുള്ള വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സമ്മേളനത്തിൽ ചിന്താവിഷയപഠനം നടത്തണം. ചിന്താവിഷയ പഠനത്തിനു സഹായകരമായ പഠനക്കുറിപ്പ് തയ്യാറാക്കി നൽകുന്നതാണ്. **2018 ജൂൺ 03 ഞായറാഴ്ച** പ്രാദേശിക സൺഡേസ്കൂളുകളിൽ ചിന്താവിഷയം പഠനം നടത്തുവാൻ ക്രമീകരണം ചെയ്യണം. ചിന്താവിഷയപഠനം കുട്ടികളുടെ മനസ്സിൽ ആഴത്തിൽ പതിയത്തക്കവണ്ണം അനുയോജ്യമായ പരിപാടികൾ ആസൂത്രണം ചെയ്യുമല്ലോ.

മഹായിടവക തലത്തിൽ ചിന്താവിഷയത്തെ ആസ്പദമാക്കി **പോസ്റ്റർ രചനാ മത്സരം** ക്രമീകരിക്കുന്നു. കുട്ടികൾ വരയ്ക്കുന്ന

പോസ്റ്ററുകൾ ഹെഡ്മാസ്റ്ററും സഭാപ്രവർത്തകൻ/ഇടവകപ്പട്ടക്കാരൻ സാക്ഷ്യപ്പെടുത്തി **ജൂലൈ 3**നകം കേന്ദ്ര ഓഫീസിൽ ഏൽപ്പിക്കണം. ഏറ്റവും **നല്ല 3 പോസ്റ്ററുകൾക്ക്** സമ്മാനം നൽകും.

**സൺഡേസ്കൂൾ പി. റ്റി. എ.**

എല്ലാ സൺഡേസ്കൂളുകളിലും വർഷാരംഭത്തിൽ അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും യോഗം ക്രമീകരിക്കണം. തുടർന്ന് ആറു മാസത്തിലൊരിക്കൽ സമ്മേളനം നടത്തുമല്ലോ. ഈ സമ്മേളനത്തിൽ പി.റ്റി.എ. സൺഡേസ്കൂൾ പ്രവർത്തനം കൂടുതൽ സജീവമാകുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം. സൺഡേസ്കൂളിന്റെ ഒരു വർഷത്തെ പ്രോഗ്രാം ക്രമീകരിക്കുകയും ചെയ്യുമല്ലോ. സൺഡേസ്കൂൾ പ്രവർത്തനം കൂടുതൽ സജീവമാക്കുന്നതിന് ആവശ്യമായ സഹകരണങ്ങൾ നൽകുക എന്നതാണ് സൺഡേസ്കൂൾ പി.റ്റി.എ. യുടെ ഉദ്ദേശ്യം.

**ജില്ലാതല പ്രവർത്തനങ്ങൾ**

വൈദിക ജില്ലയിലെ സൺഡേസ്കൂളുകളെ പങ്കെടുപ്പിച്ചുകൊണ്ട് കുട്ടികളുടെയും അദ്ധ്യാപകരുടെയും സമ്മേളനം, ജില്ലാതല കലാമത്സരം, മെറിറ്റ് എക്സാമിനേഷൻ എന്നിവ നടന്നുവരുന്നു.

**സോണൽ പ്രവർത്തനങ്ങൾ**

കോട്ടയം, ഏറ്റുമാനൂർ, പള്ളം എന്നീ ജില്ലകൾ ചേർന്നും, മുണ്ടക്കയം, പുന്നവേലി, മല്ലപ്പള്ളി ജില്ലകൾ ചേർന്നും, തിരുവല്ല, ഇലന്തൂർ, കുമ്പളാംപൊയ്ക ജില്ലകൾ ചേർന്നും അടൂർ, കോടുകുളഞ്ഞി, മാവേലിക്കര ജില്ലകൾ ഏകോപിച്ചും സോണൽ തലത്തിൽ പരിപാടികൾ ക്രമീകരിക്കുന്നു. അദ്ധ്യാപക പരിശീലനം, ചിത്രരചനാ പരിശീലനകളരി, സൺഡേസ്കൂൾദിന റാലി, ഹെഡ്മാസ്റ്റേഴ്സ് മീറ്റിംഗ് എന്നിവ ക്രമീകരിക്കുന്നതാണ്.

**സൺഡേസ്കൂൾ രജിസ്ട്രേഷൻ**

മഹായിടവകയിലെ എല്ലാ സൺഡേസ്കൂളുകളും നിശ്ചിതഫോറം പൂരിപ്പിച്ച് മാർച്ച് 14നകം കേന്ദ്ര ഓഫീസിൽ രജിസ്റ്റർ ചെയ്യണം. ഓരോ വിദ്യാർത്ഥിക്കും 20 രൂപ വീതം അടയ്ക്കണം. 10 വിദ്യാർത്ഥികളിൽ കുറവുള്ള സൺഡേസ്കൂളുകൾ 50 രൂപയും, 10-50 വിദ്യാർത്ഥികളുള്ള സൺഡേസ്കൂൾ 100 രൂപയും, 51-100 വിദ്യാർത്ഥികളുള്ളവർ 150 രൂപയും, 100 വിദ്യാർത്ഥികളിൽ അധികമുള്ള സൺഡേസ്കൂളുകൾ 200 രൂപയും രജിസ്ട്രേഷൻ ഫീസായി നൽകണം. ഓൺലൈൻ ആയും രജിസ്ട്രേഷൻ നടത്താവുന്നതാണ്. കുട്ടികളുടെ രജിസ്ട്രേഷൻ

ഫീസിന്റെ പകുതി തുക ജില്ലാ, സോണൽ പരിപാടികൾക്കു നൽകുന്നതാണ്.

മാർച്ച് 14-നുശേഷം രജിസ്റ്റർ ചെയ്യുന്ന സൺഡേസ്കൂളുകൾ 100 രൂപ ലേറ്റ് ഫീസായി നൽകണം. എന്നാൽ പുതിയ സ്കൂൾ വർഷത്തിൽ ചേരുന്ന കുട്ടികളെ ജൂൺ 20നകം കുട്ടികളുടെ രജിസ്ട്രേഷൻ ഫീസ് നൽകി രജിസ്റ്റർ ചെയ്യാം. ജൂൺ 30 വരെ ലേറ്റ് ഫീസായി 20 രൂപ കൂടെ നൽകി കുട്ടികളെ രജിസ്റ്റർ ചെയ്യാം. ജൂൺ 30-നുശേഷം രജിസ്ട്രേഷൻ ഉണ്ടായിരിക്കുന്നതല്ല. ജൂലൈ 30 വരെ സൺഡേസ്കൂൾ കുട്ടികളുടെ ട്രാൻസ്ഫർ അനുവദിക്കും. അതിനു ഫീസ് നൽകേണ്ടതില്ല. രജിസ്റ്റർ ചെയ്തവർക്കു മാത്രമേ കലാമത്സരം, ക്യാമ്പ്, പരീക്ഷ എന്നിവയിൽ പങ്കെടുക്കുവാനും സ്കോളർഷിപ്പ് ലഭിക്കുന്നതിനും അർഹത ഉണ്ടായിരിക്കുകയുള്ളൂ. മഹായിടവകയിൽനിന്നും എല്ലാ വിദ്യാർത്ഥികൾക്കും രജിസ്റ്റർ നമ്പർ നൽകുന്നതായിരിക്കും.

**സൺഡേസ്കൂൾ വാർഷികം**

വാർഷിക പരീക്ഷയ്ക്കുശേഷം കാലതാമസം കൂടാതെ വാർഷികം നടത്തണം. മൂല്യമുള്ള പരിപാടികൾ വാർഷികത്തിൽ അവതരിപ്പിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കണം. ക്രിസ്തീയ മൂല്യം മൊഴിമാറ്റം ചെയ്യുന്ന പരിപാടികൾ മാത്രമേ വാർഷികത്തിൽ അവതരിപ്പിക്കാവൂ. കുമാരവകുപ്പ്, മദ്ധ്യവകുപ്പ്, ജ്യേഷ്ഠവകുപ്പ് എന്നീ ക്ലാസ്സുകളിൽ പഠിച്ച കുട്ടികൾക്ക് പുസ്തകങ്ങൾ മാത്രമേ സമ്മാനമായി നൽകാവൂ. കുട്ടികളിൽ വായനാശീലം വളരുവാൻ പ്രോത്സാഹനം നൽകണം. വാർഷികയോഗത്തിൽ മാതാപിതാക്കളുടെയും സഭാജനങ്ങളുടെയും പങ്കാളിത്തം ഉണ്ടാകുവാൻ ശ്രദ്ധിക്കണം.

**മറ്റു നിർദ്ദേശങ്ങൾ**

(a) ഭയഭക്തിപരമായ അന്തരീക്ഷത്തിൽ സൺഡേസ്കൂൾ ആരാധന നടത്തണം. കൃത്യസമയത്ത് സൺഡേസ്കൂൾ ആരംഭിക്കണം.

(b) വിദ്യാർത്ഥി കേന്ദ്രീകൃതമായി (child centered) ആരാധനയും ക്ലാസ്സുകളും ക്രമീകരിക്കണം.

(c) ഗാനപരിശീലനം, ആരാധന, അറിയിപ്പുകൾ എന്നിവ സമയക്ലിപ്തത പാലിച്ചു ക്രമീകരിക്കണം.

(d) ക്ലാസ്സ് എടുക്കുന്നതിനുള്ള സമയം മറ്റു കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കരുത്. 30/40 മിനിറ്റ് ക്ലാസ്സിനു ലഭിക്കണം.

(e) കുട്ടികളെ ക്രമമായി സൺഡേസ്കൂളിൽ അയയ്ക്കുവാൻ മാതാപിതാക്കളെ പ്രോത്സാഹിപ്പിക്കണം.

(f) മഹായിടവക ഇയർ പ്ലാനിനോടു സഹകരിച്ചു മാത്രമേ സൺഡേസ്കൂളുകളിൽ പരിപാടികൾ ക്രമീകരിക്കാവൂ.

(g) മറുപടി ലഭിക്കേണ്ട അറിയിപ്പുകൾ കേന്ദ്രഓഫീസിൽനിന്നും ലഭിക്കുമ്പോൾ നിശ്ചിത സമയത്തിനുള്ളിൽ പ്രതികരിച്ച് സഹകരിക്കുമല്ലോ.

**സൺഡേസ്കൂൾ അദ്ധ്യയന വർഷം**

സൺഡേസ്കൂൾ അദ്ധ്യയന വർഷം ജനുവരി മുതൽ ഡിസംബർ വരെയാണ്. അദ്ധ്യയന വർഷാരംഭത്തിൽ അദ്ധ്യാപകരുടെ പ്രതിഷ്ഠാ ശുശ്രൂഷ ദൈവാലയത്തിലും വിദ്യാർത്ഥികളുടെ സമർപ്പണ പ്രാർത്ഥന സൺഡേസ്കൂളിലും ക്രമീകരിക്കണം.

മൂന്നു വയസ്സു മുതൽ 17 വയസ്സുവരെയുള്ള എല്ലാ കുട്ടികളെയും സൺഡേസ്കൂളിൽ പങ്കെടുപ്പിക്കുവാൻ എല്ലാ സൺഡേസ്കൂളുകളും ശ്രമിക്കേണ്ടതാണ്.

## 2018 സിലബസും പഠനക്രമീകരണവും

സൺഡേസ്കൂൾ പഠനവർഷം CEEFIയുടെ രണ്ടാം വർഷ പാഠപുസ്തകങ്ങളാണ് ഉപയോഗിക്കുന്നത്. വാർഷിക പരീക്ഷയ്ക്ക് ശിശു വകുപ്പു മുതൽ ജ്യേഷ്ഠവകുപ്പു വരെയുള്ള ക്ലാസ്സുകളിൽ പ്രസ്തുത പാഠപുസ്തകങ്ങളിലെ ആദ്യത്തെ 20 പാഠങ്ങൾ പഠിക്കേണ്ടതാണ്. പഠിപ്പിക്കുന്ന പാഠങ്ങളെ ആസ്പദമാക്കി അദ്ധ്യാപകർ ക്ലാസ്സ് നോട്ട് തയ്യാറാക്കുകയും എല്ലാ ഞായറാഴ്ചയും ഹെഡ്മാസ്റ്ററെ ഏല്പിക്കുകയും ചെയ്യണം. ടീച്ചിംഗ് നോട്ട് തയ്യാറാക്കുന്നതിനുള്ള മാതൃക അനുബന്ധമായി ചേർത്തിട്ടുണ്ട്.

**ഉപപാഠപുസ്തകം**

ഈ വർഷം “ഒരു പ്രേഷിത പ്രയാണ ചരിത്രം -1” എന്ന പുസ്തകം ഉപപാഠ പുസ്തകമായി പഠിക്കേണ്ടതാണ്. സൺഡേസ്കൂൾ ഓഫീസിൽ ഈ പുസ്തകം ലഭ്യമാണ്.

ഈ വർഷം ഉപപാഠപുസ്തകത്തിൽനിന്നും പഠിക്കേണ്ട പാഠങ്ങൾ.

| | | |
|---|---|---|
| ബാലവകുപ്പ് | - | അദ്ധ്യായം 9 |
| കുമാരവകുപ്പ് | - | അദ്ധ്യായം 8 |

മദ്ധ്യവകുപ്പ് - അദ്ധ്യായം 7
ജ്യേഷ്ഠവകുപ്പ് - അദ്ധ്യായം 5,6

ശിശുവകുപ്പിൽ ഉപപാഠമായി പഠിക്കേണ്ട ചോദ്യങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

**പ്രായപരിധി**

ശിശുവകുപ്പ് - 01.01.2012-നുശേഷം ജനിച്ചവർ
ബാലവകുപ്പ് - 01.01.2009-നും 31.12.2011-നും മദ്ധ്യേ ജനിച്ചവർ
കുമാരവകുപ്പ് - 01.01.2006-നും 31.12.2008-നും മദ്ധ്യേ ജനിച്ചവർ
മദ്ധ്യവകുപ്പ് - 01.01.2003-നും 31.12.2005-നും മദ്ധ്യേ ജനിച്ചവർ
ജ്യേഷ്ഠവകുപ്പ് - 01.01.2000-നും 31.12.2002-നും മദ്ധ്യേ ജനിച്ചവർ

ജ്യേഷ്ഠവകുപ്പിൽ നിശ്ചിത പ്രായത്തിനുമുകളിൽ പ്രായമുള്ളവരെയും പഠിക്കുവാൻ അനുവദിക്കാം. എന്നാൽ കലാമത്സരത്തിലും പരീക്ഷയിലും പ്രായപരിധി പാലിക്കപ്പെടണം.

**അർദ്ധവാർഷിക പരീക്ഷ**

2018 ജൂലൈ 8-ാം തീയതി എല്ലാ സൺഡേസ്കൂളുകളിലും മഹായിടവകയിൽനിന്നും നൽകുന്ന ചോദ്യപേപ്പർ അനുസരിച്ച് പരീക്ഷ നടത്തണം. പരീക്ഷയുടെ ദൈർഘ്യം ഒരു മണിക്കൂർ ആയിരിക്കും. എല്ലാ വിദ്യാർത്ഥികൾക്കും മലയാളം/ഇംഗ്ലീഷ് ചോദ്യപേപ്പറുകൾ നൽകുന്നതാണ്. കൂടാതെ ഓരോ അഞ്ചു പാഠങ്ങൾ കഴിയുമ്പോഴും പാഠങ്ങൾ ആസ്പദമാക്കി പരീക്ഷയോ, ക്വിസ് പ്രോഗ്രാമുകളോ നടത്തി കുട്ടികളെ സജീവമാക്കുവാൻ സൺഡേസ്കൂളുകൾ ഉത്സാഹിക്കണം.

**വാർഷിക പരീക്ഷ**

2018 നവംബർ 25-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2.00 മുതൽ 4.00 വരെ വിദ്യാർത്ഥികളുടെ പരീക്ഷ നടത്തപ്പെടുന്നതാണ്. 90% മാർക്കിനുള്ള ചോദ്യങ്ങൾ 20 പാഠങ്ങളെ ആസ്പദമാക്കിയും 10% മാർക്കിനുള്ള ചോദ്യങ്ങൾ ഉപപാഠപുസ്തകവുമായി ബന്ധപ്പെട്ടതുമായിരിക്കും. ഇംഗ്ലീഷിലും പരീക്ഷ എഴുതാം. ഇംഗ്ലീഷിൽ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ NIV BIBLE (2011 EDITION) ആധാരമാക്കി പഠിക്കണം. ശിശുവകുപ്പിലെ കുട്ടികൾക്ക് വാചാപരീക്ഷ നടത്തപ്പെടും. ബാലവകുപ്പിൽ ചോദ്യങ്ങൾ ചോദിച്ചും പരീക്ഷ എഴുതിയും (Oral & Written) മൂല്യനിർണ്ണയം നടത്തുവാൻ സ്വാതന്ത്ര്യം ഉണ്ടായിരിക്കും.

ജ്യേഷ്ഠവകുപ്പ് 3 വർഷം പഠിച്ചു പരീക്ഷ എഴുതിയ കുട്ടികളുടെ പേരുകൾ ഇടവകപ്പട്ടക്കാരന്റെ സാക്ഷ്യപത്രത്തോടുകൂടി നൽകേണ്ടതാണ്. അങ്ങനെയുള്ളവർക്ക് മഹായിടവക സൺഡേ സ്കൂൾ കോഴ്സ് സർട്ടിഫിക്കറ്റുകൾ നൽകുന്നതായിരിക്കും. ജ്യേഷ്ഠ വകുപ്പിൽ മൂന്നു വർഷത്തെ പഠനം പൂർത്തിയാക്കുവാൻ കഴിയാത്ത വിദ്യാർത്ഥികൾക്കു പ്രത്യേക അനുവാദത്തോടെ പരീക്ഷ എഴുതാവുന്നതാണ്. സെപ്റ്റംബർ 30-നു മുമ്പായി കേന്ദ്ര ഓഫീസിൽ ഇടവകപ്പട്ടക്കാരന്റെ ശുപാർശയോടുകൂടെ അപേക്ഷ നൽകണം. വിദ്യാർത്ഥികളുടെ സൗകര്യം അനുസരിച്ചു വാർഷിക പരീക്ഷയോ മെറിറ്റ് എക്സാമിനേഷനോടൊപ്പമോ പരീക്ഷ എഴുതാവുന്നതാണ്. എന്നാൽ അപേക്ഷയിൽ ഏതു പരീക്ഷ എഴുതുന്നുവെന്നു വ്യക്തമാക്കണം.

പരീക്ഷ സെന്ററുകളിൽനിന്നും നൽകുന്ന സീൽ ചെയ്ത പേപ്പറിൽ ഉത്തരം എഴുതണം. ഉത്തരകടലാസുകൾ അതതു സെന്ററുകളിൽതന്നെ മഹായിടവകയിൽനിന്നും നൽകുന്ന ഉത്തരസൂചിക അനുസരിച്ച് (ഭവനങ്ങളിൽ ഉത്തരക്കടലാസ് കൊണ്ടുപോകാതെ) മൂല്യനിർണ്ണയം നടത്തണം. മാർക്ക് ലിസ്റ്റ് 2018 ഡിസംബർ 04നകം കേന്ദ്ര ഓഫീസിൽ നൽകേണ്ടതാണ്. അതോടൊപ്പം മെറിറ്റ് എക്സാമിനേഷൻ എഴുതുവാൻ യോഗ്യരായ എല്ലാ കുട്ടികളുടെയും ഉത്തരക്കടലാസും ഏൽപ്പിക്കേണ്ടതാണ്.

**മെറിറ്റ് എക്സാമിനേഷൻ**

പ്രാദേശിക തലത്തിൽ ബാലവകുപ്പു മുതൽ ജ്യേഷ്ഠവകുപ്പുവരെയുള്ള ക്ലാസ്സുകളിലെ എഴുത്തുപരീക്ഷയിൽ 60 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടുന്ന കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് പരീക്ഷ നടത്തപ്പെടും. 60 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടിയ വിദ്യാർത്ഥികൾ ഇല്ലാത്ത സൺഡേസ്കൂളുകളിൽ നിന്നും 50 ശതമാനം മാർക്ക് നേടിയ രണ്ടു കുട്ടികളെ പങ്കെടുപ്പിക്കാം. ജില്ലാ കേന്ദ്രങ്ങളിൽവച്ച് 2018 ഡിസംബർ 30-ന് ഉച്ചയ്ക്ക് 2.30 മുതൽ 4 വരെ എഴുത്തുപരീക്ഷ നടത്തപ്പെടും. ഇംഗ്ലീഷിലും പരീക്ഷ എഴുതാവുന്നതാണ് (NIV-2011 Edition). പരീക്ഷയിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനം ലഭിക്കുന്നവർക്കും 80 ശതമാനത്തിലധികം മാർക്ക് കരസ്ഥമാക്കുന്നവർക്കും മഹായിടവക സൺഡേസ്കൂൾ വാർഷിക സമ്മേളനത്തിൽ സമ്മാനം നൽകും. 60 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടുന്നവർക്ക് മെറിറ്റ് സർട്ടിഫിക്കറ്റും നൽകും.

**അദ്ധ്യാപക പരീക്ഷ**

2018 ഡിസംബർ 9-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2.00 മുതൽ

4.00 വരെ നടത്തപ്പെടുന്നു. എല്ലാ അദ്ധ്യാപകരും പരീക്ഷ എഴുതേണ്ട താണ്. ഇംഗ്ലീഷിലും പരീക്ഷ എഴുതാം. പരീക്ഷയിലെ 70 ശതമാനം ചോദ്യങ്ങൾ അദ്ധ്യാപകർ പഠിപ്പിക്കുന്ന ക്ലാസ്സുകളിലെ പാഠങ്ങ ളിൽനിന്നും ബാക്കി 30 ശതമാനം ചോദ്യങ്ങൾ പഠനപുസ്തകത്തെ ആസ്പദമാക്കിയും ആയിരിക്കും. പ്രത്യേക ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് മുൻകൂട്ടി അറിയിക്കുന്ന ഏതെങ്കിലും വിഭാഗത്തോടു ചേർന്നു പരീക്ഷ എഴുതാവുന്നതാണ്.

അദ്ധ്യാപക പരീക്ഷയിൽ ഓരോ വിഭാഗത്തിലും ആദ്യ മൂന്നു സ്ഥാനം കരസ്ഥമാക്കുന്നവർക്ക് സമ്മാനം നൽകും. പരീക്ഷയിൽ 50 ശതമാനത്തിലധികം മാർക്കു ലഭിക്കുന്ന എല്ലാ അദ്ധ്യാപകർക്കും സർട്ടിഫിക്കറ്റ് നൽകുന്നതാണ്. പഠിക്കേണ്ട പുസ്തകം വിശ്വാസപ്ര യാണം യൂണിറ്റ്-4 (പാഠം 14,15,16). ഉത്തരക്കടലാസുകൾ ഡിസംബർ 15നകം ഓഫീസിൽ ഏല്പിക്കണം.

**കാഷ് അവാർഡുകൾ**

മഹായിടവക തലത്തിൽ ബാലവകുപ്പ്, കുമാരവകുപ്പ് വിഭാഗങ്ങ ളിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന മൂന്നു കുട്ടികൾക്ക് **Late Rev. I. Mathew Endowments**-ൽനിന്നും മദ്ധ്യവകുപ്പ്, ജ്യേഷ്ഠവകുപ്പ് വിഭാഗങ്ങളിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന മൂന്നു കുട്ടികൾക്ക് **Late Rev. C. K. Mathew Endowment**-ൽനിന്നും കാഷ് അവാർഡുകൾ നൽകുന്നു. മെറിറ്റ് എക്സാമിനേഷനിൽ എല്ലാ വിഭാഗങ്ങളിലും ഒന്നാം സ്ഥാനം നേടുന്നവർക്ക് **മല്ലപ്പള്ളി പനവേലിൽ മിസ്റ്റർ & മിസ്സസ് പി. ഒ. ഉമ്മൻ മെമ്മോറിയൽ** കാഷ് അവാർഡ് നൽകും.

## പ്രത്യേക ഞായറാഴ്ചകളും ആഘോഷങ്ങളും

**ബാലജനപ്പെരുന്നാൾ ആഘോഷവാരം - ആഗസ്റ്റ് 12-19**

മഹായിടവക സൺഡേസ്കൂളിന്റെ ജന്മദിനം ബാലജനപ്പെരുന്നാ ളായി 2018 ആഗസ്റ്റ് 19 ഞായർ ആചരിക്കുന്നു. ആഗസ്റ്റ് 12 ഞായർ മുതൽ 19 ഞായർ വരെ ബാലജനപ്പെരുന്നാൾ ആഘോഷവാരമായി ക്രമീകരിക്കണം. വിശദമായ പ്രോഗ്രാം അയച്ചു തരുന്നതായിരിക്കും. 20-ാം തീയതി ആരാധനയ്ക്കുവേണ്ടി പ്രത്യേക ശുശ്രൂഷാക്രമം നൽകു ന്നതാണ്. അന്നേദിവസം ലഭിക്കുന്ന സ്തോത്രകാഴ്ച സൺഡേസ്കൂ ളിന്റെ സുവിശേഷ കേന്ദ്രമായ പറക്കാൽ മിഷനിലെ മല്ലനപ്പള്ളി ഗ്രാമ ത്തിലെ സുവിശേഷകന്റെ സന്ധിപ്പിനായി നൽകുന്നതാണ്. ഏറ്റവും കുറഞ്ഞത് 1,00,000/- രൂപ ഈ ഇനത്തിൽ കണ്ടെത്തേണ്ടിയിരിക്കുന്നു. പ്രത്യേക കവറുകൾ നൽകി, മിഷനറി പ്രവർത്തനത്തിനു കൊടുക്കു വാനുള്ള ആഹ്വാനം നൽകി എല്ലാ കുട്ടികളെയും മിഷൻ പ്രവർത്തന

ത്തിന്റെ ഭാഗമാക്കുക. ബാലജനപ്പെരുന്നാളിനോടനുബന്ധിച്ച് കൈയെഴുത്തു മാസിക മത്സരം ക്രമീകരിക്കുന്നുണ്ട്. നിബന്ധനകൾ അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.

**അഖിലലോക സൺഡേസ്കൂൾ ദിനം/സൺഡേസ്കൂൾ ഞായർ**

2018 നവംബർ 4-ാം തീയതി ഞായർ സഭയായി സൺഡേസ്കൂൾ ഞായറാഴ്ചയായി ആഘോഷിക്കുന്നു. അന്നേദിവസം ഉപയോഗിക്കുവാനുള്ള ശുശ്രൂഷാക്രമവും പ്രസംഗകുറിപ്പുകളും സഭയിൽ വിതരണം ചെയ്യുവാനുള്ള കവറുകളും മഹായിടവക ഓഫീസിൽനിന്നും നൽകുന്നതായിരിക്കും. മഹായിടവക സൺഡേസ്കൂൾ പ്രവർത്തനത്തിന്റെ ഏക സന്ധിപ്പ് ഈ കവർ പിരിവാണ്. ഈ വർഷം 6 ലക്ഷം രൂപ ലഭിക്കേണ്ടിയിരിക്കുന്നു. പ്രാദേശിക സൺഡേസ്കൂളുകളുടെ നേതൃത്വത്തിൽ സൺഡേസ്കൂൾദിന പരിപാടികൾ നടത്തുവാനും കവർ പിരിവുകളും മറ്റും ഓഫീസിൽ എത്തിക്കുവാനും ശ്രദ്ധിക്കുക.

**മിഷൻ സൺഡേ**

2018 ഫെബ്രുവരി 25 ഞായറാഴ്ച മഹായിടവക സൺഡേസ്കൂൾ മിഷൻ സൺഡേയായി ക്രമീകരിച്ചിരിക്കുന്നു. നമ്മുടെ മിഷനറിമാരെയും മിഷനറി പ്രവർത്തനത്തെയും കുട്ടികൾക്കു പരിചയപ്പെടുത്തണം. അന്നത്തെ സ്തോത്രകാഴ്ച കാട്ടറപ്പള്ളി മിഷനിലെ കുട്ടികൾക്കിടയിലെ പ്രവർത്തനങ്ങൾക്കു നൽകുന്നതാണ്.

## ക്യാമ്പുകൾ/പരിശീലന പരിപാടികൾ

**വാർഷിക ക്യാമ്പ് - ജൂണിയർ & സീനിയർ ക്യാമ്പ്**

ജൂണിയർ ക്യാമ്പ് 2018 മേയ് 17 മുതൽ 19 വരെ കോട്ടയം റിട്രീറ്റ് സെന്ററിൽ നടത്തപ്പെടുന്നു. 2018 ഓഗസ്റ്റ് 22 മുതൽ 24 വരെ സീനിയർ ക്യാമ്പ് കോട്ടയം സി. എസ്. ഐ. റിട്രീറ്റ് സെന്ററിൽ നടത്തുവാൻ ക്രമീകരണം ചെയ്യുന്നു. വിശദമായ നോട്ടീസ് പിന്നീട് നൽകുന്നതായിരിക്കും. 10-13 വയസ്സ് പ്രായമുള്ളവർക്കു ജൂണിയർ ക്യാമ്പിലും 14-17 വയസ്സ് പ്രായമുള്ളവർക്കു സീനിയർ ക്യാമ്പിലും പങ്കെടുക്കാം.

**ജെ. എം. എ. ക്യാമ്പ്**

വി.ബി.എസ്., വാർഷിക ക്യാമ്പുകൾ തുടങ്ങിയ പ്രോഗ്രാമുകളിൽവച്ച് സമർപ്പിക്കപ്പെട്ടവരും മിഷനറി പ്രവർത്തനത്തിനു സമർപ്പിക്കപ്പെട്ടവരുമായ കുട്ടികൾക്കുവേണ്ടി ക്രമീകരിച്ചിരിക്കുന്ന ക്യാമ്പ് 2018 ഏപ്രിൽ 29-മേയ് 1 തീയതികളിൽ കോട്ടയത്ത് റിട്രീറ്റ് സെന്ററിൽവച്ചു നടത്തപ്പെടുന്നു. ഒക്ടോബർ 14-21 തീയതികളിൽ മിഷൻ എക്സ്പോഷർ നടത്തുവാൻ ആഗ്രഹിക്കുന്നു.

**പെയ്ന്റിംഗ് & ഡ്രോയിംഗ് പരിശീലനകളരി**

2018 മേയ് 1-നു രാവിലെ 9.30 മുതൽ 3.30 വരെ കോട്ടയം ജേക്കബ് മെമ്മോറിയൽ ഹാളിൽ ക്രമീകരിച്ചിരിക്കുന്നു. സോണൽ തലത്തിലും പരിശീലന കളരികൾ സംഘടിപ്പിക്കുന്നതാണ്.

**അദ്ധ്യാപക പരിശീലന ക്യാമ്പ്**

പുതിയ പാഠ്യപദ്ധതി അനുസരിച്ച് അദ്ധ്യാപകരെ സജ്ജരാക്കാം എന്ന ലക്ഷ്യത്തോടെ നടത്തുന്ന പരിശീലന ക്യാമ്പുകളിൽ (Quality Improvement Programme) അദ്ധ്യാപകരെ അയയ്ക്കുവാൻ എല്ലാ സൺഡേസ്കൂളുകളും ശ്രമിക്കുമല്ലോ.

മഹായിടവക തലത്തിലുള്ള റെസിഡൻഷ്യൽ ക്യാമ്പ് മേയ് 1,2 തീയതികളിൽ കോട്ടയത്തു റിട്രീറ്റ് സെന്ററിൽവച്ചു നടത്തപ്പെടുന്നതാണ്. ക്യാമ്പിൽ താമസിച്ചു പങ്കെടുക്കുവാൻ ബുദ്ധിമുട്ടുള്ളവർക്കു വേണ്ടി സോണൽ (രാവിലെ 9.30-4.00) ക്യാമ്പുകൾ മഹായിടവകയിലെ വിവിധ സ്ഥലങ്ങളിൽ ക്രമീകരിക്കും. അദ്ധ്യാപകർ നിർബ്ബന്ധമായും പരിശീലന ക്യാമ്പിൽ സംബന്ധിക്കണം.

**വി.ബി.എസ്.**

വി.ബി.എസ്. നേതൃത്വപരിശീലന ക്യാമ്പ് 2018 മാർച്ച് 22,23,24 തീയതികളിൽ ഓതറ ഇക്കോ-സ്പിരിച്ച്വാലിറ്റി സെന്ററിൽവച്ചും മാർച്ച് 15-17 തീയതികളിൽ കോട്ടയം റിട്രീറ്റ് സെന്ററിൽവച്ചും നടത്തപ്പെടുന്നു. നേതൃത്വപാടവമുള്ളവരെ പ്രോത്സാഹിപ്പിച്ച് അയയ്ക്കുവാനും എല്ലാ സഭകളിലും വി.ബി.എസ്. നടത്തുവാനുമുള്ള ക്രമീകരണങ്ങൾ ചെയ്യുമല്ലോ. വി.ബി.എസ്. മെറ്റീരിയൽസ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. **മഹായിടവക നൽകുന്ന വി.ബി.എസ്. ഡയറക്ടേഴ്സ് ട്രെയ്നിംഗ് ക്യാമ്പിൽ പങ്കെടുത്ത് ബാഡ്ജ് ലഭിച്ചിട്ടുള്ളവരെ മാത്രം ഡയറക്ടർമാരായി സഭകളിൽ നിയമിക്കാവൂ എന്ന് പ്രത്യേകം അറിയിക്കട്ടെ. ഡയറക്ടർ പരിശീലനത്തിനുള്ള അപേക്ഷ ഓൺലൈനായി നൽകാവുന്നതാണ്.**

കേരളത്തിലെ 6 മഹായിടവകകളും ചേർന്നു 2018-ലെ വി.ബി.എസ്. സംഘടിപ്പിക്കുന്നതാണ്. “Know and Proclaim “(അറിയുക, അറിയിക്കുക” (യോഹ. 4:42b) എന്നതാണ് 2018-ലെ ചിന്താവിഷയം. അനാവശ്യമായ ആർഭാടം വി.ബി.എസ്സിൽനിന്നും ഒഴിവാക്കണം. ഉദ്ഘാടന-സമാപന ദിനങ്ങൾ കൂടാതെ 8 ദിവസത്തെ ക്ലാസ്സാണ് വി.ബി.എസ്സിൽ ക്രമീകരിച്ചിരിക്കുന്നത്. ഈ ദിനങ്ങൾക്കിടയിൽ വിനോദയാത്ര ക്രമീകരിക്കരുത്. ദാനദിനത്തിലെ (Day of giving) കവർപ്പിരിവിന്റെ/സ്തോത്രകാഴ്ചയുടെ 50% മിഷൻ പ്രോജക്ടിനു നൽകണം.

**സ്കോളർഷിപ്പുകൾ**

സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികളെ സഹായിക്കുവാൻ രണ്ടു സ്കോളർഷിപ്പുകൾ നമുക്കുണ്ട്. കുവൈറ്റ് സ്കോളർഷിപ്പിനും, മസ്ക്കറ്റ് സ്കോളർഷിപ്പിനുമുള്ള അപേക്ഷകൾ സെപ്റ്റംബർ 30-നു മുമ്പ് സൺഡേസ്കൂൾ ഓഫീസിൽ എത്തിക്കേണ്ടതാണ്. **മഹായിടവക സൺഡേസ്കൂൾ പരീക്ഷ എഴുതിയ കുട്ടികൾക്കു മാത്രമേ മേൽപ്പറഞ്ഞ സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കുവാൻ അർഹതയുള്ളൂ.**

**ബെസ്റ്റ് സൺഡേസ്കൂൾ അവാർഡുകൾ**

മഹായിടവകയായി ഏറ്റവും നല്ല സൺഡേസ്കൂളിനു നൽകുന്ന പ്രസ്തുത അവാർഡിനുള്ള അപേക്ഷകൾ 2018 ജൂൺ 30-നു മുമ്പ് നിശ്ചിത ഫോറത്തിൽ കേന്ദ്ര ഓഫീസിൽ 2017-2018-ലെ പ്രവർത്തന റിപ്പോർട്ടിനൊപ്പം സമർപ്പിക്കേണ്ടതാണ്. മഹായിടവക തലത്തിൽ രജിസ്ട്രേഷൻ ഫീസ്, സെൻട്രൽ ഫണ്ട് എന്നിവ അടച്ചിട്ടുള്ളവരും മറ്റു പിരിവുകൾ മാർച്ച് 31-നു മുമ്പ് അടച്ചിട്ടുള്ളവരുമാണ് അവാർഡിനു പരിഗണിക്കപ്പെടുന്നത്. കൂടാതെ ജ്ഞാനസന്ദേശം വരിക്കാർ, സൺഡേസ്കൂൾ ഫലപ്രദമാക്കുന്നതിനു പ്രത്യേക പ്രോഗ്രാമുകൾ, മഹായിടവക പ്രവർത്തന മാർഗരേഖ പാലിക്കൽ, അദ്ധ്യാപക പരിശീലനം, മഹായിടവക ക്യാമ്പുകളിലെ പങ്കാളിത്തം, മഹായിടവക പരീക്ഷ തുടങ്ങി എല്ലാ മേഖലകളും പരിഗണിച്ചായിരിക്കും അവാർഡ് നിർണ്ണയിക്കുന്നത്.

ഇടവകവിഭാഗത്തിൽ ഏറ്റവും നല്ല സൺഡേസ്കൂൾ ആയി തെരഞ്ഞെടുക്കുന്ന സൺഡേസ്കൂളിന് **ജോസഫ് മാണി ബെസ്റ്റ് സൺഡേസ്കൂൾ അവാർഡും** ഉപസഭാവിഭാഗത്തിൽ ഏറ്റവും നല്ല സൺഡേസ്കൂൾ ആയി തെരഞ്ഞെടുക്കപ്പെടുന്ന സൺഡേസ്കൂളിന് **ശ്രീ. ജോർജ് കോശി പ്ലാന്തോട്ടം** ഏർപ്പെടുത്തിയിരിക്കുന്ന എവർറോളിംഗ് ട്രോഫിയും നൽകുന്നതായിരിക്കും. ഇടവക വിഭാഗത്തിൽ രണ്ടാം സ്ഥാനം നേടുന്ന സൺഡേസ്കുളിനു **മൈനാഗപ്പള്ളി ചിറയ്ക്കുമ്മേൽ സി. ഡി. സാമുവേൽ മെമ്മോറിയൽ എവർറോളിംഗ് ട്രോഫി** നൽകുന്നതാണ്.

**ജ്ഞാനസന്ദേശം**

ക്രിസ്തീയ വിദ്യാഭ്യാസ വകുപ്പിന്റെ പ്രസിദ്ധീകരണമായ ജ്ഞാനസന്ദേശം മാസിക കളർപേജുകളും ചിത്രകഥകളും ചേർത്ത് കൂടുതൽ ആകർഷകമായി പ്രസിദ്ധീകരിക്കുന്നു. കൂടുതൽ വരിക്കാരെ കണ്ടെത്തുവാൻ പ്രാദേശിക സൺഡേസ്കൂളുകൾ സഹകരിക്കണം. കഴിവതും കുട്ടികളെയും അദ്ധ്യാപകരെയും അഭ്യുദയകാംക്ഷികളെയും

ഈ ത്രൈമാസികയുടെ വരിക്കാരാക്കുവാൻ സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാരും അദ്ധ്യാപകരും ഉത്സാഹിക്കുമല്ലോ. ഒരു വർഷത്തേക്ക് 50 രൂപയും ആയുഷ്ക്കാല വരിസംഖ്യ 500 (12 വർഷം) രൂപയുമാണ്. സൺഡേസ്കൂൾ സ്നേഹിതരെന്ന നിലയിൽ 200/- രൂപ നൽകി 4 വർഷത്തെ വരിക്കാരാകാം. 2500 വരിക്കാരെ ലഭിച്ചെങ്കിൽ മാത്രമേ മാസിക നഷ്ടമില്ലാതെ പ്രവർത്തിക്കാനാവൂ.

**എൻ ക്രിസ്റ്റോ സുവാർത്താകൂട്ടം**

സൺഡേസ്കൂൾ കുട്ടികളുടെ സമഗ്ര വളർച്ച ലാക്കാക്കി ആരംഭിച്ചിട്ടുള്ള എൻ ക്രിസ്റ്റോ സുവാർത്താക്കൂട്ടം ശനിയാഴ്ചകളിലോ മറ്റ് അവധി ദിനങ്ങളിലോ ക്രമമായി കൂടുവാനും കുട്ടികളുടെ ആകമാന വളർച്ചയ്ക്കുതകുന്ന പരിപാടികൾ ആവിഷ്കരിക്കുവാനും എല്ലാ സൺഡേസ്കൂളുകളും താത്പര്യം കാണിക്കണം. ഇതിനകം സുവാർത്താക്കൂട്ടം ആരംഭിച്ച സൺഡേസ്കൂളുകളെ അഭിനന്ദിക്കുന്നു.

**അദ്ധ്യാപകക്കൂട്ടം**

സൺഡേസ്കൂൾ അദ്ധ്യാപകരുടെ കൂട്ടായ്മ മാസത്തിലൊരിക്കൽ ക്രമീകരിക്കുവാനും പാഠ്യപദ്ധതിയിലെ സംശയനിവാരണത്തിനും വേദപഠനത്തിനുമുള്ള വേദിയാക്കുവാനും ശ്രദ്ധിക്കുമല്ലോ. അദ്ധ്യാപക പരീക്ഷയുമായി ബന്ധപ്പെട്ട പാഠഭാഗങ്ങൾ പ്രാരംഭഘട്ടം മുതൽ പഠിക്കുവാനും അദ്ധ്യാപകക്കൂട്ടം സഹായകരമാകും. തുടർപഠനം നടത്തുന്ന അദ്ധ്യാപകർക്കു മാത്രമേ നല്ല അദ്ധ്യാപകരായിരിപ്പാൻ കഴിയുകയുള്ളൂ.

**വായനാക്കൂട്ടം**

സൺഡേസ്കൂൾ കുട്ടികൾക്കിടയിൽ വായനാശീലം വർദ്ധിപ്പിക്കുന്നതിനു സൺഡേസ്കൂളിൽ വായനാക്കൂട്ടം രൂപവത്ക്കരിക്കുവാനും ലൈബ്രറി ആരംഭിക്കുവാനും എല്ലാ സൺഡേസ്കൂളുകളും ക്രമീകരണം ചെയ്യണം. പ്രവർത്തന നിരതമായ ലൈബ്രറികളെക്കുറിച്ചുള്ള റിപ്പോർട്ട് 2018 ജനുവരി 5-നകം കേന്ദ്ര ഓഫീസിൽ ഏൽപ്പിക്കണം. മികച്ച സൺഡേസ്കൂൾ ലൈബ്രറികൾക്ക് കാഷ് അവാർഡ് നൽകുന്നതാണ്.

**കേന്ദ്രവിഹിതം**

പ്രാദേശികസഭകളുടെ വരുമാനത്തിൽ 10 ശതമാനത്തിൽ കുറയാത്ത ഒരു തുക പങ്കാളിത്തവിഹിതമായി എല്ലാ സൺഡേസ്കൂളുകളും കേന്ദ്ര ഓഫീസിൽ അടച്ച് സഹകരിക്കുമല്ലോ. ശമ്പളം, അച്ചടി, ക്യാമ്പുകൾ, പരിശീലനം തുടങ്ങിയ മേഖലകളിൽ നമുക്ക് ഒരു വലിയ തുക ചെലവാകുന്നു. നിങ്ങളുടെ പൂർണ്ണ സഹകരണം പ്രതീക്ഷിക്കുന്നു.

**സാമ്പത്തിക വർഷം**

നമ്മുടെ അദ്ധ്യയനവർഷം ജനുവരി മുതൽ ഡിസംബർ വരെയാണെങ്കിലും സാമ്പത്തിക വർഷം ഏപ്രിൽ മുതൽ മാർച്ചു വരെയാണ്. മാർച്ച് 26-നകം എല്ലാ പിരിവുകളും കേന്ദ്രവിഹിതവും രജിസ്ട്രേഷൻ ഫീസും ഓഫിസിൽ അടയ്ക്കുക.

## മഹായിടവക കലാമത്സരങ്ങൾ 2018 ഒക്ടോബർ 13

സൺഡേസ്കൂൾ കലാമത്സരത്തിനുള്ള ഗ്രൂപ്പുകൾ ഈ വർഷം മുതൽ A,B,C,D,E,F എന്നീ 6 ഗ്രൂപ്പുകളായി പുനഃക്രമീകരിച്ചിരിക്കുന്നു. മഹായിടവക തലത്തിൽ നടത്തുന്ന മത്സരങ്ങൾ 2018 ഒക്ടോബർ 13-ാം തീയതി കോട്ടയം ബേക്കർ വിദ്യാപീഠ് സ്കൂളിൽവച്ചു രാവിലെ 9.00 മുതൽ നടത്തപ്പെടും. വാക്യമത്സരം കൃത്യം 9.00 മണിക്ക് ആരംഭിക്കും. തുടർന്ന് പെയ്ന്റിംഗ് മത്സരവും മറ്റു മത്സരങ്ങളും നടക്കും.

**ജില്ലാ കലാമത്സരം**

ജില്ലാ തലത്തിലുള്ള കലാമത്സരത്തിൽ എല്ലാ സഭകൾക്കും പ്രാദേശികതലത്തിൽ മത്സരം നടത്തി നിലവാരം പുലർത്തുന്ന 2 പേരെ ഓരോ ഇനത്തിലും പങ്കെടുപ്പിക്കാം. എന്നാൽ നിലവാരം പുലർത്താത്ത കുട്ടികളെ ഒഴിവാക്കേണ്ടതാണ്. *(ഉദാ: പ്രാദേശികതലത്തിൽ ക്വിസ് മത്സരം നടത്തുമ്പോൾ 4/10 മാർക്ക് ലഭിക്കാത്തവരെ ഒഴിവാക്കണം.)*

## മാർഗരേഖ

**I. പങ്കെടുക്കുന്നവരുടെ പ്രായപരിധി**

| | | |
|---|---|---|
| ഗ്രൂപ്പ് എ | - 01-01-2010നും - 31-12-2011നും | മദ്ധ്യേ ജനിച്ചവർ |
| ഗ്രൂപ്പ് ബി | - 01-01-2008നും - 31-12-2009നും | മദ്ധ്യേ ജനിച്ചവർ |
| ഗ്രൂപ്പ് സി | - 01-01-2006നും - 31-12-2007നും | മദ്ധ്യേ ജനിച്ചവർ |
| ഗ്രൂപ്പ് ഡി | - 01-01-2004നും - 31-12-2005നും | മദ്ധ്യേ ജനിച്ചവർ |
| ഗ്രൂപ്പ് ഇ | - 01-01-2002നും - 31-12-2003നും | മദ്ധ്യേ ജനിച്ചവർ |
| ഗ്രൂപ്പ് എഫ് | - 01-01-2000നും - 31-12-2001നും | മദ്ധ്യേ ജനിച്ചവർ |

**II. മത്സര ഇനങ്ങൾ**

ഗ്രൂപ്പ് എ - പാട്ട് (ആൺകുട്ടികൾ, പെൺകുട്ടികൾ), കഥാകഥനം, ആക്ഷൻ സോംഗ് (4 ഇനങ്ങൾ)

ഗ്രൂപ്പ് ബി - പാട്ട് (ആൺകുട്ടികൾ, പെൺകുട്ടികൾ), കഥാകഥനം, ബൈബിൾ ക്വിസ്, വാക്യം (മലയാളം, ഇംഗ്ലീഷ്), ആക്ഷൻ സോംഗ് (7 ഇനങ്ങൾ)

ഗ്രൂപ്പ് സി - പാട്ട് (ആൺകുട്ടികൾ, പെൺകുട്ടികൾ), കഥാകഥനം, ബൈബിൾ ക്വിസ്, വാക്യം (മലയാളം, ഇംഗ്ലീഷ്), പെൻസിൽ സ്കെച്ച് (7 ഇനങ്ങൾ)

ഗ്രൂപ്പ് ഡി - പാട്ട് (ആൺകുട്ടികൾ, പെൺകുട്ടികൾ), ബൈബിൾ ക്വിസ്, വാക്യം (മലയാളം, ഇംഗ്ലീഷ്), പെയ്ന്റിംഗ് (വാട്ടർകളർ), ബൈബിൾ വായന, പ്രസംഗം (8 ഇനങ്ങൾ)

ഗ്രൂപ്പ് ഇ - പാട്ട് (ആൺകുട്ടികൾ, പെൺകുട്ടികൾ), ബൈബിൾ ക്വിസ്, വാക്യം (മലയാളം, ഇംഗ്ലീഷ്), കാർട്ടൂൺ, ബൈബിൾ വായന, പ്രസംഗം (8 ഇനങ്ങൾ)

ഗ്രൂപ്പ് എഫ് - പാട്ട് (ആൺകുട്ടികൾ, പെൺകുട്ടികൾ), ബൈബിൾ ക്വിസ്, പ്രസംഗം, ഉപന്യാസം, പെയ്ന്റിംഗ് (വാട്ടർകളർ (6 ഇനങ്ങൾ)

**1. പാട്ട്**

ഗ്രൂപ്പ് എ - ജ്ഞാനകീർത്തനം 89 - *1st Tune*
**നീ ക്ഷീണിച്ചോ, നീ വലഞ്ഞോ**

ഗ്രൂപ്പ് ബി - ജ്ഞാനകീർത്തനം 305 - *1st Tune*
**വേട്ടയാലോടി ഉഷ്ണിച്ച**

ഗ്രൂപ്പ് സി - ക്രിസ്തീയ ഗീതം 310
**വഞ്ചക നെഞ്ചെന്നിൽ നിന്നകറ്റി പുതു**

ഗ്രൂപ്പ് ഡി - ജ്ഞാനകീർത്തനം 278 - *1st Tune*
**എൻ ജീവൻ ഞാൻ തന്നു**

ഗ്രൂപ്പ് ഇ - ജ്ഞാനകീർത്തനം 292 - *1st Tune*
**ഞാൻ യേശുവിൽ വിട്ടെല്ലാം**

ഗ്രൂപ്പ് എഫ് - ക്രിസ്തീയ ഗീതം 69 - *1st Tune*
**വാനലോകത്തെഴുന്നെള്ളിനാൻ**

എല്ലാ വിഭാഗത്തിലും ആൺകുട്ടികളും പെൺകുട്ടികളും ഒരേ പാട്ടു തന്നെ പാടണം. ആദ്യത്തെ രണ്ടു ചരണങ്ങൾ മാത്രം പാടുക.

**2. വാക്യമത്സരം**

ഓരോ വിഭാഗത്തിനും നൽകപ്പെട്ടിരിക്കുന്ന വാക്യങ്ങൾ എഴുതുക (സമയം 30 മിനിറ്റ്). ഓരോ വിഭാഗത്തിലും ഇംഗ്ലീഷ്, മലയാളം മത്സരം ഉണ്ടായിരിക്കും.

**3. ബൈബിൾ ക്വിസ്**

ഗ്രൂപ്പ് ബി : ലൂക്കോസ് 1–12
ഗ്രൂപ്പ് സി : യോഹന്നാൻ
ഗ്രൂപ്പ് ഡി : അപ്പൊസ്തലപ്രവൃത്തികൾ
ഗ്രൂപ്പ് ഇ : യോശുവ
ഗ്രൂപ്പ് എഫ് : 1ദിനവൃത്താന്തം

**4. കഥാകഥനം** *(സമയം 5 മിനിറ്റ്)*

വേദപുസ്തകത്തിലെ ഒരു കഥ/ഉപമ

**5. പ്രസംഗം** *(സമയം 5 മിനിറ്റ്)*

10 മിനിറ്റ് മുമ്പ് നൽകുന്ന വിഷയം ആസ്പദമാക്കി പ്രസംഗിക്കുക. ചിന്താവിഷയവുമായി ബന്ധപ്പെട്ട വിഷയമായിരിക്കും നൽകുന്നത്.

**6. വേദപുസ്തക വായന**

തത്സമയം തരുന്ന വേദഭാഗം വായിക്കുക.

**7. പെയിന്റിംഗ്**

വാട്ടർ കളറിനു 1½ മണിക്കൂറും, പെൻസിൽ സ്കെച്ച്, കാർട്ടൂൺ എന്നീ മത്സരങ്ങൾക്ക് 1 മണിക്കൂർ സമയം ഉപയോഗിക്കാം.

**8. ആക്ഷൻ സോംഗ്** *(സമയം 4 മിനിറ്റ്)*

2018 വി. ബി. എസ്.ലെ ഏതെങ്കിലും ഒരു ഗാനം പാടി അഭിനയിക്കാം. കാൽപാദം ചലിപ്പിക്കാം. എന്നാൽ ഡാൻസ് ആകാൻ പാടില്ല.

**9. ഉപന്യാസം** *(സമയം 1 മണിക്കൂർ)*

10 മിനിറ്റ് മുമ്പ് നൽകുന്ന വിഷയത്തെ ആസ്പദമാക്കി ഉപന്യാസരചന നടത്തണം.

**III. നിർദ്ദേശങ്ങൾ**

1. ഒരു കുട്ടിക്ക് ഏതെങ്കിലും മൂന്ന് ഇനങ്ങളിൽ പങ്കെടുക്കാവുന്നതാണ്.

2. **പ്രസംഗം, വായന, ക്വിസ്, കഥ, ഉപന്യാസം എന്നീ ഇനങ്ങളിൽ ഇംഗ്ലീഷിലും പങ്കെടുക്കാവുന്നതാണ്.** എന്നാൽ പ്രത്യേകം മാർക്കിടുന്നതല്ല. ഇംഗ്ലീഷ് ഉപയോഗിക്കുന്നവർ NIV Bible (2011 Edition) ഉപയോഗിക്കേണ്ടതാണ്. മലയാളം ഉപയോഗിക്കുന്നവർ ബൈബിൾ സൊസൈറ്റിയുടെ സാധാരണ ബൈബിൾ ഉപയോഗിക്കണം.

3. ക്വിസ് മത്സരത്തിൽ ചോദ്യങ്ങൾ ഇംഗ്ലീഷിലും ചോദിക്കണം (ഇംഗ്ലീഷിൽ ഉത്തരം എഴുതുന്നവരുണ്ടെങ്കിൽ)

4. ഓരോ ഇനത്തിലും ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന ആദ്യത്തെ 5 പേരിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനം കരസ്ഥമാക്കുന്നവർക്ക് സമ്മാനങ്ങളും, സർട്ടിഫിക്കറ്റും, നാലും അഞ്ചും സ്ഥാനം കരസ്ഥമാക്കുന്നവർക്ക് ഗ്രേഡ് സർട്ടിഫിക്കറ്റും നൽകുന്നതായിരിക്കും.

(80% and above - A Grade, 70-79% - B Grade, 60-69% - C Grade)

5. ജില്ലാതല മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കുന്ന രണ്ടു പേർക്കു മാത്രമേ മഹായിടവകതലത്തിൽ ഓരോ ഇനത്തിലും പങ്കെടുക്കുവാൻ അവകാശം ഉണ്ടായിരിക്കുകയുള്ളൂ.

6. പുതുക്കിയ കലാമത്സര മാർഗ്ഗരേഖ പ്രസിദ്ധീകരിക്കുന്നതാണ്.

7. കലാമത്സരത്തിനു വിളിക്കുവാൻ അനുയോജ്യരായ വിധികർത്താക്കളുടെ പാനൽ പ്രസിദ്ധീകരിക്കും.

**IV. കേരള റീജിയണൽ പരിപാടികൾ**

**1. കലാമത്സരം - സംസ്ഥാന താലന്തുത്സവം**

മഹായിടവക തലത്തിൽ നടത്തപ്പെട്ട കലാമത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം നേടിയവർക്ക് റീജനൽ കലാമത്സരത്തിൽ പങ്കെടുക്കാം. ഈ വർഷം 2018 മേയ് 11,12 തീയതികളിൽ നമ്മുടെ മഹായിടവകയുടെ നേതൃത്വത്തിൽ നടത്തപ്പെടും.

**2. ടീൻസ് ഫെസ്റ്റ് (VIBGYOR)**

ഈ വർഷത്തെ ടീൻസ് ഫെസ്റ്റ് ഈസ്റ്റ് കേരള മഹായിടവകയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 23-25 വരെ നടത്തപ്പെടും. ഓരോ മഹായിടവകയിൽനിന്നും 20 പ്രതിനിധികൾക്ക് പങ്കെടുക്കാം.

**3. അദ്ധ്യാപക പരിശീലനം**

ഈ വർഷത്തെ റീജിയണൽ അദ്ധ്യാപക പരിശീലന ക്യാമ്പ് സെപ്റ്റംബർ 10 മുതൽ 12 വരെ നടക്കും. നമ്മുടെ മഹായിടവകയിൽനിന്നും 15 അദ്ധ്യാപകർക്ക് പങ്കെടുക്കാം.

## വാക്യമത്സരം 2018

ഓരോ വിഭാഗത്തിനും പ്രത്യേകം വാക്യങ്ങൾ നൽകിയിരിക്കുന്നു. തന്നിരിക്കുന്ന റഫറൻസിലുള്ള വാക്യങ്ങൾ പൂർണ്ണമായി എഴുതേണ്ടതാകുന്നു.

**ഗ്രൂപ്പ് ബി**

*സങ്കീ. 8 (9)*

*സങ്കീ. 15 (5)*

*സങ്കീ. 16 (11)*

*സങ്കീ. 34 (22)*

*സങ്കീ. 103:1-8 (8)*

*യോഹ. 1:1-5 (5)*

**ഗ്രൂപ്പ് സി**

സങ്കീ. 19 (14)

സങ്കീ. 24 (10)

സങ്കീ. 50:22,23 (2)

സങ്കീ. 139 (24)

യോഹ. 1:9-13 (5)

യോഹ. 1:14-18 (5)

**ഗ്രൂപ്പ് ഡി**

ആവ. 6:4-9 (6)

സദൃ. 3:1-6 (6)

മത്താ. 7:7-12 (6)

ലൂക്കൊ. 1:68-80 (13)

യോഹ. 10:7-11 (5)

2കൊരി. 5:1-10 (10)

ഫിലി. 2:1-8 (8)

എബ്രാ. 13:1-6 (6)

**ഗ്രൂപ്പ് ഇ**

ആവ. 5:6-11 (6)

1ശമു. 2:1-11 (11)

സദൃ. 23:24-30 (7)

യെശ. 55:6-13 (8)

ഗലാ. 5:16-24 (9)

1തെസ്സ. 4:13-17 (5)

യാക്കോ. 1:5-8 (4)

1പത്രൊ. 2:1-10 (10)

## 89. നീ ക്ഷീണിച്ചോ നീ വലഞ്ഞോ

(*1st tune*)

Stephanos - 8.5.8.3. Sir. H. W. Baker




## 305. വേട്ടയാലോടി ഉഷ്ണിച്ച

(*1st tune*)

Martyrdon - C.M. H. Wilson



## 310. വഞ്ചകനെഞ്ചെന്നിൽ




## 278.എൻ ജീവൻ ഞാൻ തന്നു

(1st tune)

Baca - 6.6.6.6.6.6.

Canon Havergal



# 292. ഞാൻ യേശുവിൽ വിട്ടെല്ലാം

*(1st tune)*

Overstrand - Irregular

English Air



## 69. വാനലോകത്തെഴുന്നെള്ളിനാൻ

*(1st tune)*

യുസ്തുസ് യൊസേഫ്



# YEAR PLAN 2018

| No. | Programme | Date |
|---|---|---|
| 1. | Sunday School Year begins | 7 January |
| 2. | Dedication of Teachers & Students | 7,14 January |
| 3. | Peter Cater Scripture Examination | 20 January |
| 4. | Parish level PTA meeting | 21 January |
| 5. | Annual Meeting | 26 January |
| 6. | Zonal Teachers Meeting | 10 February |
| 7. | Zonal Teachers Meeting | 13 February |
| 8. | Last date to register for VBS Director's Camp | 15 February |
| 9. | Regional VBS Training Camp | 19-21 February |
| 10. | Sunday School Mission Sunday | 25 February |
| 11. | Register for VBS Director's Camp with LATE FEE | 01 March |
| 12. | Last Date to order VBS Materials | 05 March |
| 13. | Last Date for Sunday School Registration | 14 March |
| 14. | VBS Director's Training-CSI Retreat Centre, Kottayam | 15-17 March |
| 15. | VBS Director's Training: Eco Spirituality Centre, Othara | 22-24 March |
| 16. | Last Date for Remittance of Spl. Collections in Dio. Office | 26 March |
| 17. | Last Date to Register Sunday Schools with LATE FEE | 26 March |
| 18. | VBS First Round | 02 April-10/11 April |
| 19. | VBS Second Round | 12 April-21 April |
| 20. | State Teens Fest-VIBGYOR-EKD | 23-25 April |
| 21. | Orientation for Talent Fest Participants | 27-28 April |
| 22. | JMA (Junior Missionary Association) Camp | 29 April-01 May |
| 23. | Teachers Workshop | 01-02 May |
| 24. | Drawing/ Painting Workshop | 01 May |
| 25. | Orientation for Talent Fest Participants | 06 May |
| 26. | State Thaalanthuthsav-Kottayam | 11,12 May |
| 27. | Junior Students Camp | 17-19 May |
| 28. | School Reopening Retreat | 02 June |
| 29. | Vijayasthothram prayer | 03 June |
| 30. | Local Sunday School Level Theme study | 03 June |
| 31. | Last Date to submit entry for Class X & XII Award | 09 June |
| 32. | Prathibha Sangamam & Retreat | 15 June |

| No. | Programme | Date |
|---|---|---|
| 33. | Last Date to update Sunday School Student's Registration | 20 June |
| 34. | Last Date to submit entry for Best Sunday School Award | 30 June |
| 35. | Update Students' Registration with LATE FEE | 30 June |
| 36. | Last Date to submit entry for Theme based Poster Competition | 03 July |
| 37. | Half Yearly Examination | 08 July |
| 38. | Balajanapperunnal Week | 12-19 August |
| 39. | Balajanapperunnal | 19 August |
| 40. | Last date to submit Kaiyyezhuthu Masika | 22 August |
| 41. | Senior Students Camp | 22-24 August |
| 42. | Regional Teachers Training Camp | 20-22 September |
| 43. | Last Date to submit Kuwait/Muscat Scholarship application | 30 September |
| 44. | Last Date to submit entry for Diocesan Competition | 4 October |
| 45. | Diocesan Competition | 13 October |
| 46. | Mission Exposure | 14-21 October |
| 47. | World Sunday School Day & Sunday School Sunday | 04 November |
| 48. | Annual Examination | 25 November |
| 49. | Parish Level Paper Valuation Camp | 01/02 December |
| 50. | Day for New Class Division | 02 December |
| 51. | Last Day to order Sunday School Books | 04 December |
| 52. | Submission of Annual Exam Mark list & Answer sheets | 04 December |
| 53. | Preparation for SS Anniversary | 09,16,23 December |
| 54. | Diocesan Teachers Examination | 09 December |
| 55. | Submission of Teachers Examination Answer Sheets | 11 December |
| 56. | Zonal Headmaster's Meeting | 15 December |
| 57. | Sunday School Christmas Programme | 23 December |
| 58. | Merit Examination | 30 December |
| 59. | New Sunday School Year Begins | 06 January 2019 |
| 60. | Dedication of Sunday School Teachers & Students | 06,13 January 2019 |
| 61. | Centralized Paper Valuation-Merit & Teachers Exam | 12 January 2019 |
| 62 | Peter Cater Scripture Examination | 19 January 2019 |
| 63. | Sunday School PTA Meeting | 20 January 2019 |
| 64. | Diocesan Sunday School Annual Day | 26 January 2019 |
| 65. | Retreat for X & XII students | 09 February 2019 |

## അനുബന്ധം - 1
## കയ്യെഴുത്തു മാസിക നിബന്ധനകൾ

- ഇടവകയ്ക്കും ഉപസഭയ്ക്കും പ്രത്യേക സമ്മാനങ്ങൾ
- ഒന്നാം സമ്മാനം - 1500 രൂപ വില വരുന്ന പുസ്തകങ്ങൾ.
- രണ്ടാം സമ്മാനം - 1000 രൂപ വില വരുന്ന പുസ്തകങ്ങൾ.
- മൂന്നാം സമ്മാനം - 750 രൂപ വില വരുന്ന പുസ്തകങ്ങൾ.

ഇടവക വിഭാഗത്തിലും ഉപസഭ വിഭാഗത്തിലും ഒന്നാം സ്ഥാനം നേടുന്ന സഭകൾക്ക് **മൈനാഗപ്പള്ളി ചിറയ്ക്കുമ്മേൽ സി. ഡി. ഡേവിഡ് & ഗ്രേസമ്മ ഡേവിഡ് മെമ്മോറിയൽ എവർറോളിംഗ് ട്രോഫി** നൽകുന്നതാണ്.

1. കയ്യെഴുത്തു മാസികയിലെ സൃഷ്ടികൾ, കൈപ്പട ലേ ഔട്ട് എന്നിവ സൺഡേസ്കൂൾ കുട്ടികളുടേത് തന്നെയാണെന്ന് പ്രധാന അദ്ധ്യാപകൻ ഉറപ്പു വരുത്തേണ്ടതാണ്.
2. പ്രസ്തുത വിവരം ആമുഖത്തിൽ സൂചിപ്പിച്ചിരിക്കണം.
3. മാസികയ്ക്ക് ഒരു പത്രാധിപസമിതിയും ചീഫ് എഡിറ്ററും ഉണ്ടായിരിക്കണം.
4. ചീഫ് എഡിറ്ററും ലേ ഔട്ട് ചെയ്യുന്നതും കുട്ടികൾ തന്നെയായിരിക്കണം.
5. കുട്ടികളുടെ സൃഷ്ടികൾ 30 പേജിലാവാം (സന്ദേശങ്ങൾ, ആമുഖം, ആശംസകൾ, ഉള്ളടക്കം, കവർപേജ് എന്നിവ ഒഴികെ).
6. $A^4$പേജിൽ മാത്രമേ എഴുതാൻ പാടുള്ളൂ.
7. സൃഷ്ടികൾ വൈവിധ്യം പുലർത്തുന്നതായിരിക്കണം. (ലേഖനം, കഥ, കവിത, പദപ്രശ്നം, വിവിധതരം ചിത്രങ്ങൾ, നുറുങ്ങുകൾ തുടങ്ങിയവ).
8. ആശയം നിലവാരം പുലർത്തുന്നതായിരിക്കണം. എല്ലാ സൃഷ്ടികളും ചിന്താവിഷയത്തെ അടിസ്ഥാനമാക്കിയുള്ളതാകണമെന്നില്ല.
9. ഭാഷാശുദ്ധി, അക്ഷരശുദ്ധി എന്നിവ പരിഗണിക്കുന്നതാണ്.
10. ഇംഗ്ലീഷ്, മലയാളം ഭാഷകളിലുള്ള സൃഷ്ടികൾ അഭികാമ്യമാണ്.

11. കവർ പേജ് ആകർഷകമായിരിക്കണം, മാസികയ്ക്ക് അനുയോജ്യമായ പേര് നൽകിയിരിക്കണം.
12. കലാപരമായ പേജ് ക്രമീകരണം, അതിന്റെ ഭംഗി എന്നിവ പരിഗണിക്കുന്നതാണ്.
13. 2018 ആഗസ്റ്റ് 22-ാം തീയതി 4.30 പി. എം.-നു മുമ്പായി സൺഡേ സ്കൂൾ ഓഫീസിൽ എത്തിക്കുന്ന മാസികകൾ മാത്രമേ സമ്മാനത്തിനായി പരിഗണിക്കുകയുള്ളൂ.

## അനുബന്ധം - 2
## ശിശുവകുപ്പിലെ ഉപപാഠചോദ്യങ്ങൾ

1. നമ്മുടെ സഭയുടെ പേര്?
2. നമ്മുടെ മഹായിടവകയുടെ പേര്?
3. നമ്മുടെ ബിഷപ്പിന്റെ പേര്?
4. മഹായിടവക ആസ്ഥാനം എവിടെ?
5. സി. എസ്. ഐ. സഭയിൽ എത്ര മഹായിടവകകൾ ഉണ്ട്?
6. അഖിലലോക സണ്ടേസ്കൂൾ ദിനം ഏതു മാസത്തിൽ കൊണ്ടാടുന്നു?
7. മഹായിടവക സണ്ടേസ്കൂൾ ജന്മദിനത്തിന്റെ പേര്?
8. നമ്മുടെ അച്ചന്റെ/ഉപദേശിയുടെ പേര്?
9. നമ്മുടെ പള്ളിയുടെ പേര്?
10. സണ്ടേസ്കൂൾ ആരംഭിക്കുന്ന സമയം?

# അനുബന്ധം – 3

## Lesson Plan - Junior - Ist Year - Lesson 13

| | |
|---|---|
| Title of the Lesson: ആരോഗ്യകരമായ ജീവിതത്തിനുള്ള മാർഗ്ഗനിർദ്ദേശം<br>Scripture Portion: ഉല്പത്തി 19,20 | Teacher's Name:<br>Time: |
| മനഃപാഠവാക്യം: ലൂക്കൊ. 10:27<br>(ഇവിടെ എഴുതുക) | **പാഠ്യോദ്ദേശം**: ദോഷം നിറഞ്ഞ ലോകജീവിതത്തിൽ മാർഗ്ഗനിർദ്ദേശം നൽകുന്നതിനും ദൈവത്തെയും കൂട്ടുകാരെയും കുഞ്ഞുങ്ങൾ സ്നേഹിക്കുന്നതിനും |
| **പാഠ്യോദ്ദേശം വിശദമായി പ്രതിപാദിക്കുക**<br>Behavioural Objectives<br><u>സ്വഭാവത്തിൽ വരേണ്ട മാറ്റങ്ങൾ</u><br>1. ലോകത്തിൽ നിലനിൽക്കുന്ന തിന്മകൾ സ്വഭാവത്തെ സ്വാധീനിക്കുന്നവയാണ്. ആയതിനാൽ വേദഭാഗത്ത് പ്രതിപാദിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കുട്ടികളുടെ സ്വഭാവത്തിൽ മാറ്റങ്ങൾ ഉണ്ടാക്കണമെന്ന് വിചാരിച്ച്, അത്തരം മാർഗ്ഗനിർദ്ദേശങ്ങൾ വിവരിക്കുക.<br>2. കുഞ്ഞുങ്ങൾ സ്നേഹസമ്പന്നരും ക്ഷമാശീലരും സത്യം സംസാരിക്കുന്നവരും നല്ല പ്രവൃത്തികൾ ചെയ്യുന്നവരുമായി മാറേണ്ടത് ആവശ്യമാണ്. | Cognitive Objectives<br><u>ജ്ഞാനതലത്തിൽ വരേണ്ട മാറ്റങ്ങൾ</u><br>1 ലോകത്തിൽ നിലനിൽക്കുന്ന വ്യത്യസ്ത തിന്മകളെക്കുറിച്ച് കുട്ടികൾ മനസ്സിലാക്കുന്നതിനും അവയിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്നതിനും നിയമപരമായി അത്തരം പ്രവൃത്തികൾ ചെയ്താലുള്ള ഭവിഷ്യത്തുകളെക്കുറിച്ച് മനസ്സിലാക്കേണ്ടതിനും.<br>2. വേദപുസ്തക ഭാഗത്ത് യഹോവയായ ദൈവം സുസ്വഭാവമുള്ളവർക്ക് നൽകുന്ന അനുഗ്രഹങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിന്. |
| സംവേദനം ചെയ്യേണ്ട ആശയങ്ങൾ:<br>(Concepts) | 1. യഹോവയായ ദൈവം മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധം മനോഹരമാകുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരിക്കുന്നു. |

2. മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരിക്കുന്നു.
3. അത്തരം മാർഗ്ഗനിർദ്ദേശങ്ങൾ ആണ് കല്പനകൾ. അവ ആരോഗ്യകരമായ വ്യക്തിജീവിതത്തിനും സാമൂഹ്യജീവിതത്തിനും അത്യാവശ്യമാണ്.

**പഠനോപകരണങ്ങൾ**: വിശുദ്ധ ബൈബിൾ, കല്പനകൾ എഴുതിയ ചാർട്ട്, കല്പനകൾ എഴുതിയ 10 പ്ലാക്കാർഡുകൾ, മോഷണം മറ്റ് കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട പത്രവാർത്തകൾ, അതിനെതിരെയുള്ള നിയമങ്ങൾ എഴുതിയ കുറിപ്പുകൾ.

| **Practice** (പാഠാവതരണം) | **Activity** (പ്രവൃത്തി) | **Response** (പ്രതികരണം) പാഠം പഠിപ്പിച്ചതിനുശേഷം എഴുതുക |
|---|---|---|
| ആമുഖം: പാഠഭാഗത്തിലേക്കും അദ്ധ്യാപനത്തിലേക്കും (Teaching) ഒരു പ്രവൃത്തി ചെയ്ത് പഠനം ആരംഭിക്കാവുന്നതാണ്.<br><br>പ്രാർത്ഥന: കുട്ടികളെക്കൊണ്ട് പ്രാർത്ഥിപ്പിക്കുക.<br>**Practice - 1**<br>അദ്ധ്യാപകൻ കുട്ടികൾ ചെയ്ത പ്രവൃത്തിയിൽ സംഭവിച്ച കാര്യങ്ങളെപ്പറ്റി ചില ചോദ്യങ്ങൾ ചോദിച്ച് ക്ലാസ് തുടങ്ങാം. | **Activity - 1**<br>ക്ലാസ്സിലുള്ള കുട്ടികളെ കളിസ്ഥലത്തേക്ക് (outside the church) കൊണ്ടുപോയി പ്രത്യേക നിയമാവലികളോ നിർദ്ദേശങ്ങളോ | **Response - 1**<br>ചെയ്തപ്പോഴുള്ള പ്രതികരണങ്ങൾ പിന്നീട് എഴുതാവുന്നതാണ് |

| Practice | Activity | Response |
|---|---|---|
| അദ്ധ്യാപകൻ: കളി എങ്ങനെയുണ്ടായിരുന്നു?<br>കുട്ടികൾ: നന്നായിരുന്നു.<br>അദ്ധ്യാപകൻ: നിങ്ങൾക്ക് കളിയിൽ നിയമങ്ങൾ ഉണ്ടായിരുന്നോ?<br>കുട്ടികൾ: ഇല്ല.<br>അദ്ധ്യാപകൻ: നിങ്ങൾക്കിഷ്ടമുള്ളതുപോലെ നിങ്ങൾ കളിച്ചു. എല്ലാ കളികളും അങ്ങനെ കളിക്കാൻ പറ്റുമോ? ക്രിക്കറ്റും ഫുട്ബോളുമൊക്കെ നിയമാവലികൾ ഇല്ലാതെ കളിക്കാൻ കഴിയുമോ? നീതു പറയൂ.<br>നീതു: പറ്റില്ല.<br>അദ്ധ്യാപകൻ: രൂബേൻ പറയൂ, എന്തിനാണ് കുട്ടികൾക്ക് നിയമാവലികളും നിയന്ത്രിക്കാൻ ആളുകളും?<br>രൂബേൻ: കളി ഭംഗിയായി മുൻപോട്ടുപോകുന്നതിന്<br>അദ്ധ്യാപകൻ: അത് മാത്രമേയുള്ളോ?<br>രൂബേൻ: പരസ്പരമുള്ള ബന്ധങ്ങൾ കളിക്കാർക്കിടയിൽ നഷ്ടപ്പെടാതിരിക്കാൻ നിയമങ്ങൾ വേണം. | നിയമങ്ങളോ നിയന്ത്രിക്കാൻ ആരുമില്ലാതെ ഏതെങ്കിലും കളി ചെയ്യുവാനായി ആവശ്യപ്പെടുക. ഈ സന്ദർഭത്തിൽ അദ്ധ്യാപകൻ മാറി നിൽക്കണം. അവരെ നിയന്ത്രിക്കരുത്. അവരുടെ ഇടയിൽനിന്നും ആരുംതന്നെ കളിക്കാവശ്യമായ നിർദ്ദേശമോ നിയമങ്ങളോ നിയന്ത്രണമോ ഏറ്റെടുക്കരുത്. കൃത്യമായ നിയമമോ, നിയന്ത്രണമോ ഇല്ലാത്ത കളിയിലുള്ള ബുദ്ധിമുട്ടുകളെക്കുറിച്ച് അവർ ബോധവാന്മാരാകണം. ഇതിനുശേഷം ക്ലാസ്സ് ക്രമീകരിച്ചിരിക്കുന്നിടത്തു പോകാം. | |

| Practice | Activity | Response |
|---|---|---|
| അദ്ധ്യാപകൻ: ശരിയാണ് രൂബേൻ പറഞ്ഞത്. അതുപോലെതന്നെ യഹോവയായ ദൈവം കൽപ്പനകളും നിയമങ്ങളും യിസ്രായേൽ ജനത്തിനു കൊടുത്തു. ഇതിനെ 10 കല്പനകൾ എന്നാണ് പറയുന്നത്.<br>**Practice - 2**<br>കുട്ടികളെ കാണിച്ച ചാർട്ടിൽനിന്നുള്ള വിവരങ്ങളെ രണ്ടായി തരംതിരിച്ചു പറയുക.<br>**<u>1. ദൈവവുമായുള്ള ബന്ധത്തിലെ മാർഗ്ഗനിർദ്ദേശങ്ങൾ</u>**<br>ആദ്യത്തെ 4 നിയമങ്ങൾ ദൈവവുമായുള്ള ബന്ധത്തിൽ ഉള്ളതാണ്.<br>ആദ്യത്തെ '4' നിയമങ്ങളെപ്പറ്റി അദ്ധ്യാപകൻ വിശദമായി സംസാരിക്കണം. യഹോവയല്ലാത്ത മറ്റൊരു ദൈവവും ഉണ്ടാകരുതെന്നും, പ്രതിമകൾ അരുതെന്നും രൂപങ്ങളെ കുമ്പിടുന്നതും പ്രാർത്ഥിക്കുന്നതും തെറ്റാണെന്നും, വിശുദ്ധന്മാരോടുള്ള പ്രാർത്ഥനയും ആരാധനയും വേദപുസ്തകത്തിന് എതിരാണെന്നും കുട്ടികളോടു വിശ | **Activity - 2**<br>വേദഭാഗം കുട്ടികളിൽ ഒരാളെക്കൊണ്ടു വായിപ്പിക്കുക. അതോടൊപ്പം എഴുതിയ ചാർട്ട് കുട്ടികളെ കാണിക്കുക.<br>**Activity - 3**<br>പ്രത്യേകം എഴുതിയ പ്ലാക്കാർഡുകളിൽ ആദ്യത്തെ 4 എണ്ണം കാണിച്ച് വിശദീകരിക്കുക. | **Response - 2**<br>ചെയ്തപ്പോൾ കുട്ടികൾ എങ്ങനെ പ്രതികരിച്ചുവെന്ന് ഇവിടെ എഴുതുക<br>**Response - 3**<br>ചെയ്തപ്പോഴുള്ള പ്രതികരണം എഴുതുക |

| Practice | Activity | Response |
|---|---|---|
| ദീകരിക്കണം. ഞായറാഴ്ച ആരാധനയിൽ സംബന്ധിക്കേണ്ടതിനെക്കുറിച്ചും വിശദീകരിക്കുക. ശബ്ബത്തുനാൾ ശനിയാണ്. ക്രിസ്ത്യാനികൾക്ക് ശബ്ബത്തുനാൾ ഞായറാണ്. അങ്ങനെയായത് ക്രിസ്തുവിന്റെ ഉയിർപ്പ് ഞായർ ആയതുകൊണ്ടാണെന്നും, ആയതുകൊണ്ട് കുഞ്ഞുങ്ങൾ ഞായറാരാധനയിൽ പങ്കെടുക്കണമെന്നും അവരെ ബോദ്ധ്യപ്പെടുത്തണം.<br>**Practice - 3**<br>ബാക്കിയുള്ള കല്പനകൾ, 6 മുതൽ 10 വരെയുള്ള കല്പനകൾ വിശദീകരിക്കുക.<br>**2. മനുഷ്യനുമായുള്ള ബന്ധത്തിലെ നിർദ്ദേശങ്ങൾ**<br>പത്തു കല്പനകളിൽ 6-10 വരെയുള്ള കല്പനകൾ മനുഷ്യനുമായുള്ള ബന്ധത്തിലെ നിർദ്ദേശങ്ങളാണ്.<br>കുഞ്ഞുങ്ങളെ, അമ്മയെയും അപ്പനെയും അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക എന്നത് ആവശ്യമാണ്. അനുസരി | **Activity - 4**<br>6-10 വരെയുള്ള കല്പനകൾ എഴുതിയ പ്ലാക്കാർഡുകൾ കുട്ടികളെ കാണിക്കുക. അവ വിശദീകരിക്കുക. | **Response - 4**<br>പ്ലാക്കാർഡുകളോടു കുട്ടികൾ എപ്രകാരം പ്രതികരിച്ചു എന്നെഴുതുക |

| Practice | Activity | Response |
|---|---|---|
| ക്കുകവഴി നമുക്ക് അനുഗ്രഹം ലഭിക്കും. മാത്രമല്ല നാം ദോഷകരമായ ഒരു കാര്യവും ചെയ്യുവാൻ പാടില്ല. ആരെയും വേദനിപ്പിക്കുകയോ, വിഷമിപ്പിക്കുകയോ ചെയ്യരുത്. മോഷണം, കള്ളസാക്ഷ്യം പറയുക, കൊലപാതകം, വ്യഭിചാരം തുടങ്ങിയ കാര്യങ്ങൾ ദൈവം വെറുക്കുന്നുവെന്നും അത്തരം തെറ്റുകളിൽ അകപ്പെടാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് കുട്ടികളെ ബോധവത്കരിക്കുന്ന തരത്തിലാവണം അദ്ധ്യാപകർ ക്ലാസ് എടുക്കേണ്ടത്. മനുഷ്യർ തമ്മിലുള്ള ബന്ധങ്ങൾ നശിപ്പിക്കുന്ന ഒരുതരത്തിലുമുള്ള ജീവിതക്രമങ്ങളോ രീതികളോ ഉണ്ടാവരുതെന്ന് കുട്ടികളെ പറഞ്ഞു മനസ്സിലാക്കുക. നമ്മുടെ അയൽപക്കബന്ധങ്ങൾ, സമൂഹബന്ധങ്ങൾ തികച്ചും മാതൃകാപരമായി നിലനിർത്തണമെന്നും കുട്ടികളെ ഉപദേശിക്കുക.<br>**Practice - 4**<br>നിയമങ്ങളും മാർഗ്ഗനിർദ്ദേശ തത്വങ്ങളും | **Activity - 5**<br>മോഷണം, മറ്റിതര കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട പത്രവാർത്തകൾ കുട്ടികളെ കാണിക്കുക. ഭാരതത്തിൽ അത്തരം കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നവർക്ക് ലഭിക്കാവുന്ന ശിക്ഷകളെപ്പറ്റി എഴുതിയ ചെറുകുറിപ്പ് കുട്ടികൾക്ക് വായിക്കാൻ കൊടുക്കുക. | **Response - 5**<br>ഇത് വായിച്ചപ്പോൾ ഉള്ള പ്രതികരണം എഴുതുക. പത്രവാർത്തകൾ കുട്ടികൾക്ക് മനസ്സിലായോ എന്നെഴുതുക. |

| Practice | Activity | Response |
|---|---|---|
| ലംഘിക്കുന്നത് ശരിയോ തെറ്റോ. ചർച്ച ചെയ്യുക. ചർച്ചയിൽ അദ്ധ്യാപകൻ അവരെ സഹായിക്കേണ്ടതാണ്. മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിക്കാതെ ജീവിച്ചാലുള്ള ലോകത്തിന്റെ സ്ഥിതിയെക്കുറിച്ച് കുട്ടികൾ ബോധവാന്മാരാകട്ടെ.<br>**<u>സമാപനപ്രാർത്ഥന</u>**<br>അദ്ധ്യാപകൻ കുട്ടികളെകൊണ്ട് മനഃപാഠം പറയിച്ച് പ്രാർത്ഥിച്ച് അവസാനിപ്പിക്കുക | **Activity - 6**<br>നിയമങ്ങൾ ലംഘിച്ചതിന്റെ പരിണിതഫലങ്ങളെപ്പറ്റിയുള്ള ചർച്ച. ആയതിന്റെ പരിണിതഫലങ്ങൾ എന്താണ്? ചർച്ചയിൽ ഉടലെടുത്ത കാര്യങ്ങൾ, കണ്ടെത്തലുകൾ. | **Response - 6**<br>ചർച്ചയിൽ കണ്ടെത്തിയ കാര്യങ്ങൾ ഇവിടെ എഴുതുക |

**<u>തുടർപ്രവർത്തനങ്ങൾ</u>** (Continuing Activity)

1. പത്ത് കല്പനകൾ എഴുതി കുട്ടികളുടെ വീട്ടിലോ പഠനമുറിയിലോ സൂക്ഷിക്കുവാൻ ആവശ്യപ്പെടുക.

## NOTES